പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1574 — 21.3.2012-ൽ മറുപടിയ്ക്ക്

"തെങ്ങിന് ചങ്ങാതിമാർ"

| *ചോദ്യം* | *മറുപടി* |
| --- | --- |
| ശ്രീമതി പി. അയിഷാ പോറ്റി: | ***ശ്രീ. കെ.പി. മോഹനൻ***<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) 'തെങ്ങിന് ചങ്ങാതിമാർ' എന്ന പദ്ധതിപ്രകാരം തെങ്ങിൽ കയറുന്നതിനായി കൊല്ലം ജില്ലയിൽ എത്രപേർ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്; | (എ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് നാളീകേര വികസന ബോർഡാണ്. കൊല്ലം ജില്ലയിൽ 514 പേർ പരിശീലനം പൂർത്തികരിച്ചു. |
| (ബി) പ്രസ്തുതപരിശീലനം പൂർത്തീകരിച്ചവർ ആരുടെ അംഗീകാരപ്രകാരമാണ് പ്രവർത്തനം നടത്തുന്നത്; | (ബി) നാളീകേര വികസന ബോർഡിന്റെ അംഗീകാരം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പരിശീലനം കഴിഞ്ഞവർക്ക് നൽകിയിട്ടുണ്ട്. |
| (സി) കർഷകർക്ക് പ്രസ്തുതസേവനം ലഭ്യമാക്കുന്നതിന് ആരെയാണ് സമീപിക്കേണ്ടത് ; | (സി) നാളീകേരവികസന ബോർഡിന്റെ വെബ്സൈറ്റിൽ ഇവരുടെ പേരും വിവരവും ഫോൺനമ്പരും നൽകിയിട്ടുണ്ട്. അതാതു സ്ഥലത്തുള്ള ആളുമായി ഫോണിൽ ബന്ധപ്പെടാവുന്നതാണ്. |
| (ഡി) തെങ്ങുകയറ്റത്തിന് പ്രസതുത ആൾക്കാർക്ക് കൂലി നിശ്ചയിച്ചുനൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) വലിയ തെങ്ങിനു 15 രൂപയും ചെറിയ തെങ്ങിനു 10 രൂപയും കൂലിയാണ് നാളികേര വികസന ബോർഡ് നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ